ഉത്തരം

(എ) ഇല്ല.

(ബി) ആവശ്യമായ രേഖകൾ സഹിതം സി.സി.എച്ച്-ന് അയയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) ഉണ്ട്.

(ഡി) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്-നെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി (സി.സി.എച്ച്.)-യുടെ സെക്കന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതോടെ ഉദ്യോഗാർത്ഥികൾക്കുള്ള ആശങ്കകൾ പരിഹരിക്കപ്പെടും.

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ നടപടി

95 (787) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

ഗൈനക്കോളജി യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻ/സിവിൽ സർജൻ ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് പട്ടിക തയ്യാറാക്കി സീനിയോറിറ്റി ക്രമത്തിൽമാത്രമേ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-ന്റെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം

96 (788) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഇല്ലായെന്ന് പറയാമോ ;

(ബി) ലാബ് സൗകര്യമില്ലാത്ത പി.എച്ച്.സി-കളിൽ ലബോറട്ടറികൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 622 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഇല്ല.

(ബി) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ/സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന 250 ഗ്രാമപഞ്ചായത്തുകളിൽ ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

അട്ടപ്പാടിയിലെ ആദിവാസികൾക്ക് ആരോഗ്യപദ്ധതി

97 (789) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി പ്രശ്നത്തോടനുബന്ധിച്ചുനടന്ന സമരത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ച ആരോഗ്യപദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) അട്ടപ്പാടിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) അട്ടപ്പാടിയിൽ നടന്നുവരുന്ന ആരോഗ്യപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങളും കോട്ടത്തറ ആശുപത്രിയുടെയും മറ്റ് ആരോഗ്യസ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) 1. പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോട്ടത്തറ ആശുപത്രിയിൽ മുഴുവൻ സമയവും ഗൈനക്കോളജിസ്റ്റിന്റെയും അനസ്തേറ്റിസ്റ്റിന്റെയും സേവനം ലഭ്യമാക്കി.

2. ഐ.എം.എ.-യുമായി ബന്ധപ്പെട്ട് സ്കാനിംഗ് ആവശ്യമുള്ള ഗർഭിണികൾക്കും മറ്റ് രോഗികൾക്കുമായി സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിയിട്ടുണ്ട്.

3. പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ച് ഫീൽഡിൽ ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികളുടെയും പ്രത്യേകം പരിഗണനവേണ്ട ഗർഭിണികളുടെയും ആറ് മാസംവരെ മുലയൂട്ടുന്ന അമ്മമാരുടെയും വീടുകളിൽ ആഴ്ചയിൽ

LIBRARY ARCHIVES Kerala Legislative Assembly